## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 365** **19.10.2016-ന് മറുപടിയ്ക്ക്**

## വനഭൂമിയോടു ചേർന്ന് കിടക്കുന്ന സ്വകാര്യ ഭൂമി കൈമാറുന്നതിന് നിയന്ത്രണം

**ചോദ്യം**

ശ്രീ. ആന്റണി ജോൺ
ശ്രീ. പി.കെ. ശശി
ശ്രീ. കെ. ബാബു
ശ്രീ. സി.കെ. ഹരീന്ദ്രൻ

**മറുപടി**

ശ്രീ. കെ. രാജു
(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വനഭൂമിയോടു ചേർന്ന് കിടക്കുന്ന സ്വകാര്യ ഭൂമി കൈമാറുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതു തരത്തിലുള്ള നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | വനഭൂമിയോടു ചേർന്ന് കിടക്കുന്ന ഭൂമി കൈമാറുന്നതിന് നിയന്ത്രണം ഉണ്ട്. രജിസ്ട്രേഷൻ (കേരള അമെന്റ്മെന്റ്) ആക്ട് 2012 ൽ വരുത്തിയ ഭേദഗതിയിൽ, സെക്ഷൻ 71(3) പ്രകാരം സർക്കാർ ഭൂമി രജിസ്റ്റർ ചെയ്യുമ്പോൾ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുടെ എൻ.ഒ.സി നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) | വിവിധ ജില്ലകളിലെ പതിനായിരക്കണക്കിന് കർഷകർക്ക് ഭൂമി ക്രയവിക്രയം അസാധ്യമാക്കുന്ന ഈ സ്ഥിതി പരിഹരിക്കാനായി സത്വര നടപടിയുണ്ടാകുമോ; | (ബി) | എൻ.ഒ.സി നൽകുന്നതുമായി ബന്ധപ്പെട്ട് കർഷകർക്ക് ബുദ്ധിമുട്ടും കാലതാമസവും ഉണ്ടാക്കരുതെന്നും, ആയതിന് ആവശ്യമായ മുൻകരുതലുകൾ എടുക്കണമെന്നും, ഇതുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ചാൽ അവയ്ക്ക് അതീവ പ്രാധാന്യം നൽകേണ്ടതാണെന്നും, കർഷകരുടെ പരാതി പരിഹരിക്കുന്നതിനുവേണ്ട അടിയന്തര നടപടികൾ കൈക്കൊള്ളേണ്ടതുമാണെന്ന നിർദ്ദേശം ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. |
| (സി) | വനാതിർത്തി വേർതിരിക്കൽ പ്രക്രിയ നടക്കുന്നുണ്ടോ; അതിന്റെ പുരോഗതി അറിയിക്കാമോ; ഈ പ്രവൃത്തിത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (സി) | വനാതിർത്തി വേർതിരിക്കൽ പ്രഥമ പരിഗണന നൽകിക്കൊണ്ട് നടത്തിവരുന്നു. കേരളത്തിലെ ആകെ 16585 കി.മീ: വനാതിർത്തിയുള്ളതിൽ ഏകദേശം 3002 കി.മീ. വേർതിരിക്കാനുള്ളതായി കണക്കാക്കിയിട്ടുണ്ട്. ഈ അതിർത്തി എത്രയും വേഗം അളന്ന് തിരിച്ച് സ്ഥിരം ജണ്ടയിട്ട് വേർതിരിക്കാൻ വേണ്ട നടപടികൾ ദ്രുതഗതിയിൽ |

| | | | |
|---|---|---|---|
| | | | ഏറ്റെടുത്ത് നടപ്പാക്കി വരുന്നു. കർഷകരുടെ സഹകരണത്തോടെ അടുത്ത 3 വർഷം കൊണ്ട് ഈ പ്രവൃത്തി പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ